Kerala Gazette No. 21 dated 21st May 1933
**PART I**

**Section iii**

കേരള ഗവണ്മെൻറ്

ലാ ഡിപ്പാർട്ടുമെൻറ്

പരസ്യം.

നമ്പർ 3104/എഫ് 1/63/ലാ.

തിരുവനന്തപുരം, 1963 ഏപ്രിൽ 1.
1885 ചൈത്രം 11/

കേരള സംസ്ഥാന നിയമസഭ പാസ്സാക്കിയ താഴെപ്പറയുന്ന ആക്ററ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയപ്രകാരമുള്ള ബില്ലിനു 1963 മാർച്ച് 31-ാം തീയതി ഗവർണ്ണരുടെ അനുമതി ലഭിക്കുകയുണ്ടായി.

ഗവർണ്ണരുടെ ഉത്തരവുപ്രകാരം,
പി. ശങ്കരൻ ഇളയത്,
ലാ സെക്രട്ടറി.

## 1963-ലെ 23-ാം ആക്ററ്.

## 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്ററ്.

**കേരള സംസ്ഥാനത്ത് വിദ്യുച്ഛക്തിയുടെ വില്പന, ഉപഭോഗം എന്നിവയിൽ നികുതി ചുമത്തുന്നതു സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനും, ഭേദഗതി ചെയ്യുന്നതിനുമുള്ള ഒരു ആക്ററ്.**

പീഠിക.—കേരള സംസ്ഥാനത്തു വിദ്യുച്ഛക്തിയുടെ വില്പന, ഉപഭോഗം എന്നിവയിൽ നികുതി ചുമത്തുന്നതു സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതു യുക്തമായിരിക്കയാൽ,

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ പതിനാലാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്ററിനു 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്ററ് എന്നു പേർ പറയാം.

(2) ഇതിനു കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഗസററിൽ പരസ്യംമൂലം ഗവണ്മെൻറു നിശ്ചയിക്കാവുന്ന തീയതിക്ക് ഇതു നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ. — ഈ ആക്ററിൽ സന്ദർഭത്തിനു മററുപ്രകാരം ആവശ്യമില്ലാത്തപക്ഷം, —

(എ) 'ഉപഭോക്താവ്' എന്നതിൽ ചാർജ്ജ്കൊടുത്തോ അല്ലാതെയോ ഒരു ലൈസൻസുകാരനിൽനിന്നു വിദ്യുച്ഛക്തി ലഭിക്കുന്ന തദ്ദേശാധികാരസ്ഥാനം, കമ്പനിയും അല്ലെങ്കിൽ മററു വ്യക്തിയും കൂടാതെ, സ്വയം ഉൽപാദിപ്പിക്കുന്ന ശക്തിതന്നെ ഉപയോഗിക്കുന്ന ലൈസൻസുകാരനും അല്ലെങ്കിൽ മററു വ്യക്തിയും ഉൾപ്പെടുന്നതും, എന്നാൽ മററു വ്യക്തികൾക്കു വിതരണം ചെയ്യുന്നതിനു സ്റേററ് ഇലക്ട്രിസിററി ബോർഡിൽനിന്നു വിദ്യുച്ഛക്തി ലഭിക്കുന്ന ലൈസൻസുകാരൻ ഉൾപ്പെടാത്തതുമാകുന്നു.

വിശദീകരണം.—മററു വ്യക്തികൾക്കു വിതരണം ചെയ്യുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിററി ബോർഡ് ഏതൊരു ലൈസൻസുകാരനാണോ ശക്തി നൽകിക്കൊണ്ടിരിക്കുന്നത് ആ ലൈസൻസുകാരൻ അതിൻെറ ഏതെങ്കിലും ഭാഗം സ്വയം ഉപയോഗിച്ചാൽ, വിതരണത്തിൽ നഷ്ടപ്പെട്ട ശക്തി ഒഴികെ, അങ്ങനെ ഉപയോഗിക്കപ്പെടുന്ന ശക്തിയെ സംബന്ധിച്ചിടത്തോളം അയാൾ ഒരു ഉപഭോക്താവായി പരിഗണിക്കപ്പെടുന്നതാണ്.

(ബി) 'വിദ്യുച്ഛക്തി നികുതി' എന്നതിന് ആക്റ്റ്, 3-ാം വകുപ്പോ, 4-ാം വകുപ്പോ പ്രകാരം ചുമത്തപ്പെടുന്ന നികുതി എന്നർത്ഥമാകുന്നു.

(സി) 'ശക്തി' എന്നതിനു വൈദ്യുതശക്തി എന്നർത്ഥമാകുന്നു.

(ഡി) 'ലൈസൻസുകാരൻ' എന്നതിന്:

(i) 1948-ലെ വിദ്യുച്ഛക്തി (വിതരണം) ആക്റ്റ് (1948-ലെ 54-ാം കേന്ദ്ര ആക്റ്റ്), 5-ാം വകുപ്പുപ്രകാരം സംഘടിപ്പിക്കപ്പെട്ട കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്നും,

(ii) വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനു 1910-ലെ ഇൻഡ്യൻ വിദ്യുച്ഛക്തി ആക്റ്റ് (1910-ലെ 9-ാം കേന്ദ്ര ആക്റ്റ്), II-ാം ഭാഗപ്രകാരം ലൈസൻസു എടുത്തിട്ടുള്ള ഏതെങ്കിലും വ്യക്തി എന്നും

അങ്ങനെ ലൈസൻസ് എടുത്തിട്ടുണ്ടെന്നു പരിഗണിക്കപ്പെടുന്ന ഏതൊരു വ്യക്തിയും, പ്രസ്തുത ആക്റ്റ് 28-ാം വകുപ്പുപ്രകാരം ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുള്ള മറ്റേതൊരു വ്യക്തിയും അതിൽ ഉൾപ്പെടുന്നതാണ്;

(iii) ശക്തി വിതരണം ചെയ്യുന്ന കാര്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഗവൺമെന്റ് എന്നും അർത്ഥമാകുന്നു.

(ഇ) 'നിർണ്ണയിക്കപ്പെട്ട' എന്നതിന് ഈ ആക്റ്റുപ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. <u>ലൈസൻസുകാർ നടത്തുന്ന ചില വിദ്യുച്ഛക്തി വില്പനകളിന്മേൽ വിദ്യുച്ഛക്തി നികുതി ചുമത്തൽ.</u>—(1) (2)-ാം ഉപവകുപ്പിൽ മറുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതൊഴികെ, കേരള സംസ്ഥാനത്തെ ഏതൊരു ലൈസൻസുകാരനും, യൂണിറ്റൊന്നിനു 12 നയാപൈസയിൽ കൂടുതൽ വിലയ്ക്കു വില്ക്കുന്ന ഓരോ യൂണിറ്റു ശക്തിക്കും 6 നയാ പൈസവച്ചു കണക്കാക്കപ്പെടുന്ന നികുതി, നിർണ്ണയിക്കപ്പെട്ടിട്ടുള്ളവിധത്തിൽ ഓരോ മാസവും ഗവൺമെന്റിലേയ്ക്കു അടയ്ക്കേണ്ടതാണ്:

എന്നാൽ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് മറ്റൊരു ലൈസൻസുകാരനു വില്ക്കുന്ന ശക്തിക്കു ഈ ഉപവകുപ്പുപ്രകാരമുള്ള യാതൊരു നികുതിയും കൊടുക്കേണ്ടതില്ല.

(2) ഒരു ലൈസൻസുകാരനു ഒന്നിൽകൂടുതൽ ലൈസൻസുണ്ടെങ്കിൽ, ഓരോ ലൈസൻസും സംബന്ധിച്ചിടത്തോളം ഈ വകുപ്പുപ്രകാരം നികുതി വെവ്വേറെ കണക്കാക്കേണ്ടതും, ചുമത്തേണ്ടതുമാണ്.

(3) ശക്തിയുടെ വില്പനയിന്മേൽ ഈ വകുപ്പുപ്രകാരമുള്ള നികുതി ലൈസൻസുകാരൻ വഹിക്കേണ്ടതും, ഉപഭോക്താവിൽനിന്നു ഈടാക്കാൻ പാടില്ലാത്തതും ആകുന്നു.

4. <u>ഉപഭോക്താക്കൾക്കു വിദ്യുച്ഛക്തി നികുതി ചുമത്തൽ.</u>—പട്ടിക (2)-ാം കള്ളിയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഭാഗങ്ങളിൽപ്പെടുന്ന ഏതൊരു ഉപഭോക്താവും, ആ വിഭാഗത്തിനു നേരെ പട്ടിക (3)-ാം കള്ളിയിൽ കാണിച്ചിട്ടുള്ള നിരക്കനുസരിച്ചു കണക്കാക്കപ്പെടുന്ന നികുതി, നിർണ്ണയിക്കപ്പെട്ട രീതിയിൽ ഗവൺമെന്റിനു ഓരോ മാസവും കൊടുക്കേണ്ടതാണ്:

എന്നാൽ, ഉപഭോക്താവിനുള്ള ശക്തിവിതരണം ഗവൺമെന്റോ ലൈസൻസുകാരനോ ഉപഭോക്താവുമായി ഏർപ്പെട്ടിട്ടുള്ള കരാറുപ്രകാരം നിയന്ത്രിക്കപ്പെട്ടിട്ടുള്ള സംഗതികളിൽ, ഗവൺമെന്റിനു, അവർ ചുമത്താവുന്ന തിട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ഒന്നുകിൽ ഈ വകുപ്പുപ്രകാരം അങ്ങനെയുള്ള ഉപഭോക്താവിന്റെ മേൽ ചുമത്തപ്പെടാവുന്ന നികുതിയുടെ നിരക്കു കുറയ്ക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഉപഭോക്താവിനെ അപ്രകാരമുള്ള നികുതിയിൽനിന്നു ഒഴിവാക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതാണ്.

5. <u>ഉപഭോക്താക്കൾക്കു ചുമത്തപ്പെട്ടിട്ടുള്ള വിദ്യുച്ഛക്തി നികുതി പിരിക്കുകയും അടയ്ക്കുകയും ചെയ്യൽ.</u>—(1) ഏതൊരു ലൈസൻസുകാരനും ആരാണോ ഏതൊരു ഉപഭോക്താവിനാണോ ശക്തി വിതരണം ചെയ്തിട്ടുള്ളതു് ആ ഉപഭോക്താവ് ഉപയോഗിക്കുന്ന ശക്തിയുടെ യൂണിറ്റുകളിന്മേൽ, ഈ ആക്റ്റ്,

4-ാം വകുപ്പുപ്രകാരം കൊടുക്കേണ്ടതായ വിദ്യുച്ഛക്തി നികുതി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയത്തും രീതിയിലും പിരിച്ച് ഗവണ്മെന്റിലേയ്ക്ക് അടയ്ക്കേണ്ടതാണ്. അങ്ങനെ അടയ്ക്കേണ്ടതായ നികുതി, ഉപഭുക്തമായ ശക്തിക്ക് ലൈസൻസുകാരന് ഈടാക്കാവുന്ന തുകകളിന്മേലുള്ള ആദ്യത്തെ ചാർജ്ജായിരിക്കുന്നതും, ഗവണ്മെന്റിന് അയാൾ കൊടുത്തുതീർക്കേണ്ട ഒരു കടമായിരിക്കുന്നതുമാണ്.

(2) ഏതെങ്കിലും ഉപഭോക്താവ്, താൻ കൊടുക്കേണ്ടതായ വിദ്യുച്ഛക്തി നികുതിയുടെ തുക, നിർണ്ണയിക്കപ്പെട്ട സമയത്തും രീതിയിലും കൊടുക്കുന്നതിനു വീഴ്ച വരുത്തുകയോ, ഉപേക്ഷ കാണിക്കുകയോചെയ്താൽ, ലൈസൻസുകാരനു 8-ാം വകുപ്പുപ്രകാരം തുക ഈടാക്കുവാൻ ഗവണ്മെന്റിനുള്ള അവകാശത്തിന് ഭംഗംകൂടാതെ, ആ ഉപഭോക്താവിനു രേഖാമൂലം ഏഴ് പൂർണ്ണദിവസത്തിൽ കുറയാതെ നോട്ടീസു നൽകിയതിനുശേഷം അയാൾക്കുള്ള ശക്തിവിതരണം നിർത്തലാക്കാവുന്നതും ഒരു ലൈസൻസുകാരൻ വിതരണം ചെയ്തിട്ടുള്ള ശക്തി സംബന്ധിച്ചിടത്തോളം കിട്ടാനുള്ള ഏതെങ്കിലും ചാർജ്ജോ, തുകയോ ഈടാക്കുന്നതിന്, 1910-ലെ ഇൻഡ്യൻ വിദ്യുച്ഛക്തി ആക്ട്, 24-ാംവകുപ്പ് (1)-ാം ഉപവകുപ്പുമൂലം അയാൾക്കു ലബ്ധമായ അധികാരം ആ ലൈസൻസുകാരന് ആ ആവശ്യാർത്ഥം വിനിയോഗിക്കാവുന്നതുമാണ്.

6. <u>അക്കൗണ്ടു ബുക്കുകളും മറ്റും.</u>—ഏതൊരു ലൈസൻസുകാരനും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അക്കൗണ്ടു ബുക്കുകൾ സൂക്ഷിക്കേണ്ടതും, അതുസംഗതിപോലെ, അയാൾ ഉപയോഗിച്ചതോ അഥവാ ഓരോ ഉപഭോക്താവിനും അയാൾ വിതരണംചെയ്തതോ ആയ ശക്തിയുടെ യൂണിററും, ഈ ആക്ററുപ്രകാരം അയാൾ അതിനു കൊടുക്കേണ്ടതും അയാൾ ഈടാക്കിയതോ, കൊടുത്തതോ ആയതുമായ നികുതിയുടെ തുകയും കാണിക്കുന്നതോ അഥവാ നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ കാണിക്കുന്നതോ ആയ തവണക്കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും, സമയത്തും തയ്യാറാക്കി ഗവണ്മെന്റിനോ, നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥനോ സമർപ്പിക്കേണ്ടതുമാണ്

7. <u>പരിശോധനോദ്യോഗസ്ഥന്മാർ.</u>— (1) ഗവണ്മെന്റിന്, 6-ാം വകുപ്പുപ്രകാരം ലൈസൻസുകാർ സൂക്ഷിക്കേണ്ടതായ അക്കൗണ്ടു ബുക്കുകൾ പരിശോധിക്കുന്നതിനു പരിശോധനോദ്യോഗസ്ഥന്മാരെ ഗസററിൽ പരസ്യംമൂലം നിയമിക്കാവുന്നതാണ്.

(2) അങ്ങനെ നിയമിക്കപ്പെടുന്ന പരിശോധനോദ്യോഗസ്ഥന്മാർ ഈ ആക്ററിലെ വ്യവസ്ഥകളും, അതുപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും നടപ്പിൽ വരുത്തുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ജോലികൾ ചെയ്യേണ്ടതും, അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(3) അങ്ങനെയുള്ള ഏതൊരുദ്യോഗസ്ഥനും ഇൻഡ്യൻ ശിക്ഷാനിയമം 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന ഒരു സർക്കാർ ജീവനക്കാരനായി കണക്കാക്കപ്പെടേണ്ടതാണ്.

8. <u>വസൂലാക്കൽ.</u>—വിദ്യുച്ഛക്തി നികുതിവകയിൽ അടയ്ക്കേണ്ടതായ ഏതൊരു തുകയും, നിർണ്ണയിക്കപ്പെട്ട സമയത്തും വിധത്തിലും അടച്ചില്ലെങ്കിൽ, കുടിശ്ശികയായതായി കരുതേണ്ടതും, അതിന്മേൽ ഗവണ്മെന്റ് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം നിശ്ചയിക്കാവുന്നതും, പ്രതിവർഷം പന്ത്രണ്ടു ശതമാനത്തിൽ കൂടാത്തതുമായ പലിശ കൊടുക്കേണ്ടതും ആകുന്നു; ആ തുക അതിന്മേലുള്ള വല്ല പലിശയും സഹിതം ഒന്നുകിൽ ഒരു സിവിൽക്കോടതി മുഖേനയോ അല്ലെങ്കിൽ ഭൂനികുതിക്കുടിശ്ശികയെന്നപോലെയോ, അത്—

(i) 3-ാം വകുപ്പുപ്രകാരം അടയ്ക്കേണ്ടിയിരുന്ന തുകയാണെങ്കിൽ, ലൈസൻസുകാരനിൽ നിന്നും,

(ii) 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം അടയ്ക്കേണ്ടിയിരുന്ന തുകയാണെങ്കിൽ, ഗവണ്മെന്റിന്റെ ഇഷ്ടാനുസരണം ഒന്നുകിൽ ഉപഭോക്താവിന്റെയോ അല്ലെങ്കിൽ ലൈസൻസുകാരന്റെയോ പക്കൽ നിന്നും ഈടാക്കേണ്ടതാണ്.

൯. <u>ശിക്ഷകൾ.</u>—വല്ല ലൈസൻസുകാരനും—

(എ) 6-ാം വകുപ്പുമൂലം ആവശ്യപ്പെട്ട അക്കൌണ്ടുബുക്ക് സൂക്ഷിക്കുന്നതിനോ, തവണക്കണക്ക സമർപ്പിക്കുന്നതിനോ വീഴ്ചവരുത്തുകയോ,

(ബി) 7-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട പരിശോധനോദ്യോഗസ്ഥനെ ഈ ആക്റ്റും അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളും പ്രകാരം ഉള്ള തന്റെ കർത്തവ്യങ്ങൾ നിറവേററുന്നതിലോ, തന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, അയാൾക്ക് ആയിരം രൂപവരെയുള്ള പിഴശിക്ഷ നൽകേണ്ടതാകുന്നു.

10. <u>കമ്പനികൾ ചെയ്യുന്ന കുററങ്ങൾ.</u>—(1) ഈ ആക്റ്റ് പ്രകാരമുള്ള കുററം ഒരു കമ്പനിയാണ് ചെയ്തിരിക്കുന്നതെങ്കിൽ, കുററം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നിരിക്കുകയും, കമ്പനിയുടെ പ്രവർത്തനത്തിന്റെ നടത്തിപ്പിന് അതിനോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും, അതുപോലെതന്നെ കമ്പനിയും ആ കുററം ചെയ്തതായി കരുതപ്പെടേണ്ടതും, അതനുസരിച്ച് എതിരായി നടപടി എടുക്കുകയും ശിക്ഷിക്കുകയും ചെയ്യപ്പെടുന്നതിന് വിധേയരായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നുംതന്നെ, അങ്ങനെയുള്ള ഏതെങ്കിലും വ്യക്തിയെ, പ്രസ്തുത കുററം നടന്നത് തന്റെ അറിവുകൂടാതെയാണെന്നോ അഥവാ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയുവാൻ യഥാവിധി വേണ്ടത്ര ശ്രദ്ധ താൻ വിനിയോഗിച്ചുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള യാതൊരു ശിക്ഷയ്ക്കും വിധേയനാക്കിത്തീർക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റുപ്രകാരമുള്ള കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ, മററുദ്യോഗസ്ഥന്റെയോ സമ്മതപ്രകാരമോ, ഒത്താശയോടുകൂടിയോ, ചെയ്തതാണെന്നോ അഥവാ അപ്രകാരമുള്ള വ്യക്തിയുടെ ഏതെങ്കിലും അശ്രദ്ധമൂലം നടന്നതായി ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററുദ്യോഗസ്ഥനോ കൂടി ആ കുററം ചെയ്തതായി കരുതപ്പെടേണ്ടതും, അതനുസരിച്ച് എതിരായി നടപടി എടുക്കുകയും ശിക്ഷിക്കുകയും ചെയ്യപ്പെടുന്നതിന് വിധേയനായിരിക്കുന്നതുമാണ്.

<u>വിശദീകരണം.</u>—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി —

(എ) 'കമ്പനി' എന്നതിന് ഒരു ഏകാംഗയോഗമെന്നർത്ഥമാകുന്നതും. അതിൽ ഒരു കച്ചവടസംഘമോ, വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതുമാകുന്നു.

(ബി) ഒരു കച്ചവടസംഘത്തെ സംബന്ധിച്ചിടത്തോളം 'ഡയറക്റ്റർ' എന്നതിന് ആ സംഘത്തിലെ പങ്കാളിയെന്നർത്ഥമാകുന്നതാണ്.

11. <u>ഒഴിവാക്കുന്നതിനുള്ള അധികാരം.</u>—ഗവണ്മെൻറിന് ഗസററിൽ പരസ്യംമൂലം പൊതുതാൽപര്യാർത്ഥം അങ്ങനെയുള്ള പരസ്യത്തിൽ പ്രത്യേകം പറയപ്പെടാവുന്ന കാലത്തേയ്ക്കും, അപ്രകാരം പറയപ്പെടാവുന്ന തിട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായും ഏതെങ്കിലും ലൈസൻസുകാരനെ വിദ്യുച്ഛക്തി നികുതി പൂർണ്ണമായോ, ഭാഗികമായോ കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

12. <u>ഒഴിവാക്കൽ.</u>—ഈ ആക്റ്റിലുള്ള യാതൊന്നുംതന്നെ—(എ) ഇൻഡ്യാ ഗവണ്മെൻറുപയോഗിച്ചതോ അഥവാ ആ ഗവണ്മെൻറിന്റെ ഉപഭോഗാർത്ഥം ആ ഗവണ്മെൻറിന് വില്ക്കപ്പെട്ടതോ, അഥവാ,

(ബി) ഇൻഡ്യാ ഗവണ്മെൻറ് ഏതെങ്കിലും റെയിൽവേയുടെ പണിക്കോ, സൂക്ഷിപ്പിനോ, നടത്തിപ്പിനോ ഉപയോഗിച്ചതോ അഥവാ ഏതെങ്കിലും റെയിൽവേയുടെ പണിക്കോ, സൂക്ഷിപ്പിനോ. നടത്തിപ്പിനോ ഉപയോഗിക്കാനായി ആ ഗവണ്മെൻറിന് വില്ക്കപ്പെട്ടതോ ആയ വിദ്യുച്ഛക്തി

യുടെ (അതു് ഗവണ്മെൻറാ മററു വ്യക്തികളോ ഉൽപാദിപ്പിച്ചതായാലും വേണ്ടതില്ല) ഉപഭോഗമോ, വില്പനയോ സംബന്ധിച്ചിടത്തോളം നികുതി ചുമത്തുന്നതായോ അഥവാ നികുതി ചുമത്താൻ അധികാരപ്പെടുത്തുന്നതായോ കരുതുവാൻ പാടില്ലെന്നു് സംശയനിവാരണാർത്ഥം ഇതിനാൽ പ്രഖ്യാപിക്കുന്നു.

13. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) ഗവണ്മെൻറിനു് ഈ ആക്ററിൻെറ ആവശ്യങ്ങൾ നിറവേററുവാൻ ചട്ടങ്ങളുണ്ടാക്കാവുന്നതാണു്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു് ദൂഷ്യംകൂടാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ—

(എ) 3–ം, 4–ം വകുപ്പുകൾപ്രകാരം വിദ്യുച്ഛക്തി നികുതികൊടുക്കേണ്ട സമയവും രീതിയും സംബന്ധിച്ചും,

(ബി) 6–ാം വകുപ്പുപ്രകാരം സൂക്ഷിക്കേണ്ട അക്കൗണ്ടുബുക്കുകളുടെ ഫാറം സംബന്ധിച്ചും ;

(സി) 6–ാം വകുപ്പിൽ ആവശ്യപ്പെട്ടിട്ടുള്ള തവണക്കണക്കുകൾ എപ്പോൾ, ഏതു് ഫാറത്തിൽ, ഏതു ഉദ്യോഗസ്ഥനു് സമർപ്പിക്കണമെന്നുള്ള വിവരം സംബന്ധിച്ചും;

(ഡി) 7–ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട പരിശോധനോദ്യോഗസ്ഥന്മാരുടെ ചുമതലകളും, അധികാരങ്ങളും സംബന്ധിച്ചും;

(ഇ) ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതോ, വേണ്ടത്ര വ്യവസ്ഥ ചെയ്തിട്ടില്ലാത്തതോ ആയതും, ഗവണ്മെൻറിൻെറ അഭിപ്രായത്തിൽ ഈ ആക്ററിൻെറ ഉദ്ദേശം നിറവേററുന്നതിനു് വ്യവസ്ഥ ആവശ്യമുള്ളതുമായ മറേറതെങ്കിലും സംഗതി സംബന്ധിച്ചും; വ്യവസ്ഥ ചെയ്യാവുന്നതാണു്.

(3) (1)–ാം ഉപവകുപ്പോ, (2)–ാം ഉപവകുപ്പോ പ്രകാരം ചട്ടം ഉണ്ടാക്കുമ്പോൾ, അതിൻെറ ലംഘനത്തിനു് ആയിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷനൽകേണ്ടതാണെന്നു് ഗവണ്മെൻറിനു് വ്യവസ്ഥ ചെയ്യാവുന്നതാണു്.

(4) ഈ ആക്ററുപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, 11–ാംവകുപ്പോ 14–ാം വകുപ്പോ പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു പരസ്യവും, അതു് ഉണ്ടാക്കിയതിനുശേഷം കിഴിയുന്നത്രവേഗം, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിൻെറ മുമ്പാകെ ആകെ പതിന്നാലു ദിവസത്തേയ്ക്കു്—അതു് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ ആകാം—വയ്ക്കേണ്ടതും, അപ്രകാരം വയ്ക്കുന്ന സമ്മേളനമോ, അതിനു് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പു്, നിയമസഭ ചട്ടത്തിലോ പരസ്യത്തിലോ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ ചട്ടമോ പരസ്യമോ ഉണ്ടാക്കുവാൻ പാടില്ലെന്നു തീരുമാനിക്കുകയോ ചെയ്താൽ ആ ചട്ടത്തിനോ പരസ്യത്തിനോ അതിനു ശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടമോ പരസ്യമോ പ്രകാരം മുമ്പുചെയ്ത യാതൊന്നിൻെറയും സാധുതയ്ക്കു് ദൂഷ്യം വരുത്തുന്നതല്ല.

14. വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം.—16–ാം വകുപ്പുമൂലം റദ്ദാക്കപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ മേല്പറഞ്ഞ വ്യവസ്ഥകളായി മാറിയതിന്മേൽ, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനു് വല്ല വൈഷമ്യവും നേരിടുകയാണെങ്കിൽ, ഗവണ്മെൻറിനു് പരസ്യംമൂലം ആ വൈഷമ്യം നീക്കുന്നതിനു് ആവശ്യകമോ യുക്തമോ ആണെന്നു തോന്നുന്ന വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണു്.

15. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്കു് രക്ഷ.—ഈ ആക്ററുപ്രകാരം ഉത്തമവിശ്വാസ്യമായി ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ യാതൊരു കാര്യത്തിനും യാതൊരാൾക്കുമെതിരായി യാതൊരു വ്യവഹാരമോ, ശിക്ഷാനടപടിയോ, മററു നിയമനടപടിയോ നടത്താൻ പാടില്ലാത്തതാകുന്നു.

16. <u>റദ്ദാക്കൽ</u>.—1956-ലെ സംസ്ഥാനപുനഃസംഘടനാ ആക്റ്റ്, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ഡിസ്ട്രിക്റ്റിൽ പ്രാബല്യത്തിലുള്ള 1939-ലെ മദിരാശി വിദ്യുച്ഛക്തി നികുതി ആക്റ്റും (1939-ലെ V-ാം ആക്റ്റ്), 1950-ലെ തിരുവിതാംകൂർ-കൊച്ചി വിദ്യുച്ഛക്തി നികുതി ആക്റ്റും (1950-ലെ IV-ാം ആക്റ്റ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

## പട്ടിക.

(4-ാം വകുപ്പ് നോക്കുക.)

| കള്ളി (1)<br>ക്രനം. | കള്ളി (2)<br>ഉപഭോക്താക്കളുടെ തരം | കള്ളി (3)<br>നികുതിനിരക്ക് |
|---|---|---|
| 1 | ലൈറ്റുകൾ, ലൈറ്റുകളും ഫാനുകളും ഉൾപ്പെടെയുള്ള ഇൻസ്റ്റലേഷൻ, ഫാൻ, റേഡിയോ, റിഫ്രിജറേറ്റർ, ചെറിയ കുക്കറുകൾ, എയർ കണ്ടീഷൻ ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ, ഹീറ്ററുകൾ, പമ്പുകൾ, എല്ലാവിധത്തിലുമുള്ള വൈദ്യുതികേന്ദ്രങ്ങൾ, സിനിമാറ്റോഗ്രാഫ് ഇൻസ്റ്റലേഷനുകൾ, ചലച്ചിത്ര സ്റ്റുഡിയോകൾ, തുടങ്ങിയ ആവശ്യങ്ങൾക്ക് ശക്തി ഉപയോഗിക്കുന്ന ഗാർഹിക-വാണിജ്യ ഉപഭോക്താക്കൾ | ഇൻവോയിസിൽ കാണിച്ചിട്ടുള്ള എനർജിയുടെ വിലയുടെ പത്തു ശതമാനം. |
| 2 | പൊതു വിളക്കുവപ്പ് | ഇല്ല |
| 3 | കാർഷികാവശ്യങ്ങൾക്ക് ശക്തി ഉപയോഗിക്കുന്നവർ | ഇൻവോയിസിൽ കാണിച്ചിട്ടുള്ള എനർജിയുടെ വിലയുടെ പത്തു ശതമാനം |
| 4 | വ്യാവസായിക ഉപഭോക്താക്കൾ.— | |
| | (എ) 11 കിലോവാട്ടിൽ താഴെയുള്ള പായിന്റുകളിൽ എനർജി സ്വീകരിക്കുന്ന ഉപഭോക്താക്കൾ | ഇൻവായിസിൽ കാണിച്ചിട്ടുള്ള എനർജിയുടെ വിലയുടെ പത്തു ശതമാനം |
| | (ബി) 11 കിലോവാട്ടും അതിൽ കൂടുതലും എന്ന കണക്കിന് എനർജി സ്വീകരിക്കുന്ന ഉപഭോക്താക്കൾ | ഇൻവോയിസിൽ കാണിച്ചിട്ടുള്ള ശക്തിയുടെ വിലയുടെ ഇരുപതുശതമാനം. |

(A true translation)

P. DAMODARAN NAIR,
*Head Translator.*